കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഡി) വകുപ്പ്

## ഐ&പി.ആർ.ഡി ഡയറക്ടറുടെ നടപടിതീർപ്പ്

[ഹാജർ : എസ്.ഹരികിഷോർ ഐ.എ.എസ് ]

വിഷയം:- സംസ്ഥാന സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ പൊതുസമൂഹത്തിൽ എത്തിക്കുന്നതിനായി വികസനവും, ആരോഗ്യവുമായി ബന്ധപ്പെട്ട് ദർപ്പൺ ടി.വി നിർമ്മിച്ച ക്രിയേറ്റീവിന്റെ നിർമ്മാണ തുക അനുവദിച്ച് കൊണ്ടുള്ള 31.03.2021 ലെ നടപടിക്രമം റദ്ദാക്കികൊണ്ട് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- (1) 31.03.2021 -ലെ ഇതേ നമ്പർ നടപടിതീർപ്പ്

(2) 20.04.2021-ലെ ഐ & പി. ആർ (എഫ്) വകുപ്പിന്റെ മേലെഴുത്ത്.

---

ഉത്തരവ് നം. ഡി3/104/2020/ഐ&പി.ആർ.ഡി തിരുവനന്തപുരം, തീയതി: 11.06.2021

---

മേൽ സൂചന (1) നടപടിക്രമ പ്രകാരം വികസനവും, ആരോഗ്യവുമായി ബന്ധപ്പെട്ട് ദർപ്പൺ ടി.വി നിർമ്മിച്ച രണ്ട് ക്രിയേറ്റീവുകൾക്കും നിർമ്മാണതുക അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സൂചന (2) മേലെഴുത്ത് പ്രകാരം മേൽ നടപടി ക്രമം 2020-21 വർഷത്തിലേയതായതിനാൽ നടപ്പ് സാമ്പത്തിക വർഷത്തെ (2021-22) പുതുക്കിയ നടപടിക്രമം ലഭ്യമാക്കുന്നതിലേക്കായി മേൽ നടപടിക്രമം റദ്ദാക്കികൊണ്ട് ദർപ്പൺ ടിവിയ്ക്ക് നിർമ്മാണതുക അനുവദിച്ച്കൊണ്ടുള്ള പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

വികസനവും, ആരോഗ്യവുമായി ബന്ധപ്പെട്ട് ദർപ്പൺ ടി.വി നിർമ്മിച്ച രണ്ട് ക്രിയേറ്റീവുകളുടെയും മൊത്തം നിർമ്മാണ തുകയായ 4,00,000/- രൂപയും, 72,000/- രൂപ ജി.എസ്.ടിയും ചേർന്ന് (നാല് ലക്ഷത്തി എഴുപത്തിരണ്ടായിരം രൂപ മാത്രം) ഇലക്ട്രോണിക് മീഡിയ പരസ്യങ്ങൾക്കുള്ള നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും (2220-60-101-97-02-നോൺ പ്ലാൻ) അനുവദിച്ച് ഉത്തരവാകുന്നു. മൊത്തം തുകയായ 4,72,000/- രൂപയിൽ 2% നിരക്കിൽ ടി.ഡി.എസ് ഇനത്തിൽ 9440/- രൂപ കുറവ് ചെയ്ത് 4,62,560 രൂപ (നാല് ലക്ഷത്തി അറുപത്തിരണ്ടായിരത്തി അഞ്ഞൂറ്റി അറുപത് രൂപ മാത്രം) ദർപ്പൺ ടി.വിയുടെയും ടി.ഡി.എസ് തുക ഇൻകം ടാക്സ് കമ്മീഷണറുടെ അക്കൗണ്ടിലേയ്ക്കും ക്രഡിറ്റ് ചെയ്യേണ്ടതാണ്.

എസ്.ഹരികിഷോർ ഐ.എ.എസ്
(ഡയറക്ടർ )

പ്രൊപ്രൈറ്റർ/മാനേജർ, ദർപ്പൺ ടി.വി, തിരുവനന്തപുരം.

പകർപ്പ്:

വിവര-പൊതുജന സമ്പർക്ക വകുപ്പ് സെക്രട്ടറിയുടെ സി.എ യ്ക്ക്
വിവര-പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ സി.എ യ്ക്ക്
വിവര-പൊതുജന സമ്പർക്ക (എഫ്) വകുപ്പ് (ബില്ലുകൾ സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ, പരസ്യം & മാർക്കറ്റിംഗ്
ഇൻഫർമേഷൻ ഓഫീസർ (പരസ്യം & മാർക്കറ്റിംഗ്)
ഐ&പി.ആർ.ഡി വെബ് സൈറ്റ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ